സെക്ഷൻ 85 വിഭാഗത്തിൽപ്പെടുന്ന ഫാക്ടറികൾ

32 [2684] ശ്രീ. കെ. പി. മോഹനൻ:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ സെക്ഷൻ 85 വിഭാഗത്തിൽപ്പെടുന്ന എത്ര ഫാക്ടറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വിഭാഗത്തിൽപ്പെട്ട ഫാക്ടറികളെയാണ് ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നും നീക്കംചെയ്യാൻ ശ്രമം നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഫാക്ടറീസ് ആക്ടിന്റെ പരിരക്ഷ ഇല്ലാതാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിൽ എത്ര ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഈ ഫാക്ടറികളിൽനിന്നും വർഷാവർഷം ഫീസിനത്തിൽ എത്ര രൂപ സർക്കാരിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 12,610 ഫാക്ടറികൾ ഉണ്ട്.

(ബി) സെക്ഷൻ 85 വിഭാഗത്തിൽപ്പെടുന്നതും എന്നാൽ അപകടരഹിതമായ നിർമ്മാണ പ്രക്രിയ (Non Hazardous manufacturing process) നടക്കുന്നതുമായ ഫാക്ടറികളെയാണ് 1948-ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ഇൻഡ്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും മുകളിൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിർമ്മാണ പ്രക്രിയകളെ (Non Hazardous manufacturing process) ഫാക്ടറി നിയമത്തിന്റെ സെക്ഷൻ 85-ന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. തന്മൂലം അപകട സാദ്ധ്യതയുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഫാക്ടറി നിയമം അനുശാസിക്കുന്ന പരിരക്ഷകൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ കഴിയുമെന്ന കാര്യവും സെക്ഷൻ 85 വിഭാഗത്തിൽപ്പെടുന്ന അപകടരഹിതമായ നിർമ്മാണപ്രക്രിയ നടക്കുന്ന ഫാക്ടറികളെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നാലും നിലവിലുള്ള തൊഴിൽ നിയമങ്ങൾക്കനുസൃതമായി തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നിന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് സാധിക്കുമെന്ന കാര്യവും പരിഗണിച്ചാണ് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നത്.

(ഡി) കേരളത്തിൽ 31-12-2002 വരെ സെക്ഷൻ 85 വിഭാഗത്തിൽ 12,610 ഫാക്ടറികളും സെക്ഷൻ 2(എം) വിഭാഗത്തിൽ 3567 ഫാക്ടറികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഈ ഫാക്ടറികളിൽനിന്ന് വർഷാവർഷം ഏകദേശം 3 കോടി രൂപ ഫീസിനത്തിൽ സർക്കാരിന് ലഭിക്കുന്നുണ്ട്.

ഇ. എസ്. ഐ. പരിധിയിൽവരുന്ന തൊഴിലാളികൾ

33 [2685] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇ. എസ്. ഐ. പരിധിയിൽ വരുന്ന തൊഴിലാളികളുടെയും സ്ഥാപനങ്ങളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 3,33,550 തൊഴിലാളികളും (31-3-2002-ലെ കണക്ക് പ്രകാരം) 11403 സ്ഥാപനങ്ങളും(31-3-2003-ലെ കണക്ക് പ്രകാരം) ഇ. എസ്. ഐ. പദ്ധതിയുടെ പരിധിയിൽവരുന്നുണ്ട്.

ഇ. എസ്. ഐ. സ്കീമിന്റെ പരിധിയിൽ അസംഘടിത മേഖലയിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ നടപടി

34 [2686] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. സ്കീമിന്റെ പരിധിയിൽപ്പെടാത്ത അസംഘടിത മേഖലയിലെ തൊഴിലാളികളെക്കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി ഇ. എസ്. ഐ. ആശുപത്രികളിൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇ. എസ്. ഐ. സ്ഥാപനങ്ങളിലെ സ്റ്റോർ കസ്റ്റോഡിയൻമാരായി എൻട്രസിസ്റ്റുകളെ ചുമതലപ്പെടുത്തുന്നതിനും കണ്ടംനേക്കൽ നടപടി ത്വരിതപ്പെടുത്തുവാനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly